പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1653

07.03.2018-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്കെതിരെയുള്ള അക്രമങ്ങൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) അട്ടപ്പാടിയിൽ മോഷ്ടാവെന്ന് ആരോപിച്ച് നാട്ടുകാർ മർദ്ദിച്ചു കൊന്ന മധുവിന്റെ മരണത്തിന്റെ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ ; | (എ) ആഹാരപദാർത്ഥങ്ങൾ മോഷ്ടിച്ചെന്ന് ആരോപിച്ച് 22.02.2018 തീയതി 14.15 മണിക്ക് മധു ചിണ്ടക്കി എന്നയാളെ മുക്കാലി ജംഗ്ഷനിൽ നാട്ടുകാർ പിടിച്ചു വച്ചിരിക്കുന്ന വിവരം ലഭിച്ചു. അതനുസരിച്ച് ടിയാനെ മുക്കാലിയിൽ നിന്ന് ഡിപ്പാർട്ട്മെന്റ് ജീപ്പിൽ 15.30 മണിക്ക് കൂട്ടിക്കൊണ്ട് വരുന്ന സമയം താവളം ജംഗ്ഷനിൽ വച്ച് ടിയാൻ ഛർദ്ദിച്ച് അവശനാകുകയും സ്റ്റേഷനിലേക്ക് കൊണ്ട് വരുന്ന വഴി മെഡിക്കൽ പരിശോധനയ്ക്കായി അഗളി കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തിച്ചു. ഡോക്ടർ പരിശോധിച്ച് ടിയാൻ മരണപ്പെട്ടതായി പറഞ്ഞു. ഈ കേസുമായി ബന്ധപ്പെട്ട് അഗളി പോലീസ് ക്രൈം. നമ്പർ 87/2018 u/s 143, 147, 148, 323, 324, 325, 364, 365, 367, 368, 302 r/w 149 IPC & Sec.3(1)(d) (r) , 3(2) (v) of SC/ST POA Act & Sec.27(2)(c) of Kerala Forest Act, U/s 174 CrPc ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസിൽ 16 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഈ കേസിന്റെ അന്വേഷണം ശ്രീ.റ്റി.കെ.സുബ്രമണ്യൻ ഡി.വൈ.എസ്.പി . സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് ആന്റ് അഗളി സബ് ഡിവിഷൻ, നടത്തി വരികയാണ്. |

(ബി) ആദിവാസികൾക്കെതിരെ വർദ്ധിച്ചു വരുന്ന അക്രമങ്ങൾ തടയാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

(ബി) ആദിവാസികൾക്കെതിരെ ഉണ്ടാകുന്ന ആക്രമങ്ങൾ തടയുവാനും അവർക്ക് നിയമപരമായ പരിരക്ഷ ലഭിക്കുന്നതിനും പോലീസ് ശ്രദ്ധിക്കുന്നുണ്ട്. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളുകളുടെ പരാതികളിൽ എത്രയും പെട്ടെന്ന് അന്വേഷണം നടത്തി ആവശ്യമെങ്കിൽ ഉടൻ തന്നെ കേസ് രജിസ്റ്റർ ചെയ്യുന്നുണ്ട്. ജനമൈത്രി പദ്ധതി മുഖേന എസ്.സി/എസ്.റ്റി കോളനികൾ കേന്ദ്രീകരിച്ച് അദാലത്തുകളും ബോധവത്കരണ ക്ലാസുകളും നടത്തി വരുന്നു. ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ അതത് ജില്ലകളിൽ മൂന്ന് മാസം കൂടുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥരുടെയും വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളുടെയും യോഗം വിളിച്ച് കേസുകളെ സംബന്ധിച്ച് അവലോകനം നടത്തി വരാറുണ്ട്.

സെക്ഷൻ ഓഫീസർ